പതിനാലാം കേരളനിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4831   14/11/2019 ലെ മറുപടി

## പൊതുവിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്ന കാതലായ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ചിറ്റയം ഗോപകുമാർ**<br>**,, എൽദോ എബ്രഹാം** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഉള്ളടക്കത്തിലും വിനിമയത്തിലും അദ്ധ്യാപക പരിശീലനത്തിലുമെല്ലാം ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കാതലായ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് അറിയിക്കുമോ; | (എ) പൊതുവിദ്യാഭ്യാസ മേഖലയിൽ തൊഴിൽ നൈപുണികൾ ഉൾപ്പെടുത്തി നൂതന വിദ്യയുടെ സഹായത്തോടെ ഉള്ളടക്കം വിനിമയം ചെയ്യുന്നതിന് 10 ദിവസം നീണ്ടു നൽകുന്ന വിധം അധ്യാപക പരിശീലനം നവീകരിച്ചു.<br>ഹയർ സെക്കന്ററി വിഭാഗത്തിൽ പാഠപുസ്തകങ്ങളിൽ കാതലായ മാറ്റങ്ങൾ സമയോജിതമായി നടപ്പിലാക്കി വരുന്നുണ്ട്. അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കുന്നതിന് ഓരോ വർഷവും എസ്.സി.ഇ.ആർ.ടി, സീ-മാറ്റ് എന്നിവയുടെ സഹകരണത്തോടെ വിവിധ അദ്ധ്യാപക പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് ലീഡർ ഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാ(LEP)മിന്റെ ഭാഗമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനവും, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാമിന്റെ (HSSTTP) ഭാഗമായി 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷവും നൽകി വരുന്നു. Capacity Enhancement Programme (CEP), Leadership Enhancement Programme(LEP) എന്നിങ്ങനെ രണ്ട് രീതിയിലുള്ള പരിശീലന പരിപാടികൾ രൂപകല്പന ചെയ്തു നടപ്പിലാക്കി. ഇവയിൽ ഓരോന്നിലും ലെവൽ1, ലെവൽ2 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായുള്ള പരിശീലനമാണ് ഇപ്പോൾ നടത്തി വരുന്നത്. ആവശ്യാനുസരണം തുടർന്നുള്ള ലെവലുകളിലേയ്ക്ക് പരിശീലനപരിപാടിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതാണ്. ആധുനിക സാങ്കേതിക വിദ്യായുടെയും വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാനുസൃതമായ മാറ്റങ്ങളുടെയും അടിസ്ഥാനത്തിൽ മൊഡ്യൂൾ തയ്യാറാക്കിയാണ് പ്രസ്തുത പരിശീലനപരിപാടികൾ നടത്തി വരുന്നത്. |

(ബി) പ്രസ്തുതമേഖലയിൽ പുതിയ കാലത്തിന്റെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് രീതി ശാസ്ത്രങ്ങളിൽ വരുത്തിയ മാറ്റങ്ങൾ വ്യക്തമാക്കുമോ;

(ബി) ക്യൂ.ആർ കോഡിന്റെ സഹായത്തോടെ ഡിജിറ്റൽ വിഭവങ്ങളടക്കം സമർത്ഥമായി ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്.
ഹയർ സെക്കന്ററി വിഭാഗത്തിൽ പുതിയ കാലത്തിന്റെ സാധ്യതകൾ ഉപയോഗ പ്പെടുത്തുന്നതിന് സമഗ്ര പോർട്ടൽ, ക്ലാസ് മുറികൾ ഹൈടെക് ആക്കുക തുടങ്ങിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) ടീച്ചർ ട്രാൻസ്ഫർമേഷൻ എന്ന കാഴ്ചപ്പാടിലൂന്നി മൗലികതയും ഗുണമേന്മയുമുള്ള അദ്ധ്യാപകരെ വാർത്തെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഹയർ സെക്കന്ററി അധ്യാപകർക്ക് 10 ദിവസം നീണ്ട നൽകുന്ന എച്ച്.എസ്. എസ്. ടി.ടി.പി പ്രോഗ്രം, എല്ലാ അധ്യാപകർക്കും ഇൻഡക്ഷൻ ട്രെയി നിംഗ്, ആർ.പി മാർക്ക് ഓൺലൈൻ പരിശീലനം എന്നിവ നടപ്പാക്കി.ഹയർ സെക്കന്ററി അധ്യാപകരുടെ ശാക്തീ കരണത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP) എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകി വരുന്നു. വൈജ്ഞാനിക രംഗത്തെ വികാസങ്ങൾക്കൊപ്പം മന്നേറുന്നതിന് അദ്ധ്യാപകർക്ക് പിന്തുണ നൽകുന്നതിനും പുതിയ ഉൾക്കാഴ്ചകൾ വികസിപ്പിക്കുന്നതിനും നിര ന്തര പഠനത്തിന്റെയും ഗവേഷണ ത്തിന്റെയും സംസ്കാരം പരിപോഷി പ്പിക്കുന്നതിനും സർഗ്ഗാത്മകത പ്രോത്സാ ഹിപ്പിക്കുന്നതിനും തൊഴിൽ പരമായ നൈപുണികൾവളർത്തുന്നതിനുമാണ് നവീനമായ ഈ അദ്ധ്യപക വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാ നുഭവങ്ങൾ ഒരുക്കി ഹയർ സെക്കന്ററി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അദ്ധ്യാ പകരെ സജ്ജമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ശില്പശാല മാതൃകയിൽ മുഴുവൻ സമയ പങ്കാളിത്തത്തോടെയുള്ള റസിഡൻഷ്യൽ കോഴ്സായി ഇത് വിഭാവനം ചെയ്തിരിക്കുന്നു. 10 ദിവസം നീണ്ടുനിൽക്കുന്ന ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാമിൽ ഗവേഷണ പരിപാടികൾ, അതിഥി പ്രഭാഷണങ്ങൾ ചർച്ചകൾ സംവാദങ്ങൾ ലാബ്-ലൈബ്രറി പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്, കലാസ്വാദനവേളകൾ, അവതരണങ്ങൾ, വിവിധ വൈദഗ്ദ്യമേഖലകളിലുള്ള പരിശീലനങ്ങൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.അനുഭവാധിഷ്ഠിത പഠനത്തിന് പ്രാമുഖ്യം നൽകി ഹയർ സെക്കന്ററി അധ്യാപകരുടെ ആശയതലം വിപുലീകരിക്കുക, വ്യത്യസ്തമായ

അറിവുകൾ പങ്കുവയ്ക്കുക, പുതിയ ബോധന രീതികൾ സ്വായത്തമാക്കുക തുടങ്ങിയവ ഈ പരിശീലന പരിപാടി കൊണ്ട് അദ്ധ്യാപകർക്ക് ഗുണകരമാകുന്നു. ഓരോ വർഷവും 1600 ലധികം അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

(ഡി) ഡിജിറ്റൽ പഠന സാമഗ്രികൾ തയ്യാറാക്കുന്നതിന് നിലവിൽ അദ്ധ്യാപകർക്ക് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഡി) സമഗ്ര പോർട്ടലിന്റെ സാധ്യതകൾ ഉപയോഗ പ്പെടുത്തി, ഡിജിറ്റൽ മാതൃകയിലുള്ള പഠനസാമഗ്രികൾ അധ്യാപകർ തയ്യാറാക്കി വരുന്നുണ്ട്. ഡിജിറ്റൽ പഠന വിഭവങ്ങൾ കണ്ടെത്തുന്നതിനും സ്വയം തയാറാക്കുന്നതിനുമായി പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള അധ്യാപകർക്ക് കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ(കൈറ്റ്) നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം നേടിയ അധ്യാപകർ തയാറാക്കിയ വിഭവങ്ങളാണ് സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടലിലൂടെ പങ്കുവെയ്ക്കപ്പെടുന്നത്.

സെക്ഷൻ ഓഫീസർ